# പ്രബോധനം കാമ്പയിന് ബഹ്റൈനിൽ ഉജ്വലതുടക്കം




**മനാമ:** *പ്രബോധനം* കാമ്പയിന് ബഹ്റൈനിൽ ഉജ്വല തുടക്കം. ഡിസംബർ പത്ത് മുതൽ ജനുവരി പത്ത് വരെയാണ് കാമ്പയിൻ. ഇതിന്റെ മുന്നോടിയായി മുഴുവൻ പ്രവർത്തകരെയും വിളിച്ച് ചേർത്ത് കാമ്പയിൻ വിശദീകരിക്കുകയും വനിതകൾ കൂടിയുൾപ്പെടുന്ന വിപുലമായ സ്വാഗതസംഘം രൂപവത്കരിക്കുകയും ചെയ്തിരുന്നു.

കാമ്പയിൻ ഉദ്ഘാടനം നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി ബഹ്റൈനിലെ അഞ്ച് പ്രമുഖരിൽ നിന്നും ഒരു വർഷത്തേക്കുള്ള വരി സ്വീകരിച്ചാണ് നിർവഹിക്കപ്പെട്ടത്. സാമൂഹിക പ്രവർത്തകൻ ചെമ്പൻ ജലാൽ, മലപ്പുറം ജില്ലാ പ്രവാസി അസോസിയേഷൻ വൈസ്. പ്രസിഡന്റ് മുഹമ്മദലി, അബ്ദുല്ലത്വീഫ് അൽ ഔജാൻ ഗ്രൂപ്പ് അക്കൗണ്ട്സ് മാനേജർ മുഹമ്മദ് താഹിർ, ആർ.ഡി.സി അറേബ്യയിലെ ഐ.ടി മാനേജർ വഹീദ് മുറാദ്, കേരളീയ സമാജം വൈസ്. പ്രസിഡന്റ് അബ്ദുർറഹ്മാന്റെ ഭാര്യ ജമീല എന്നിവരിൽ നിന്നും യഥാക്രമം അസറ്റ് ബഹ്റൈൻ പ്രസിഡന്റ് ഡോക്ടർ ഉസ്മാൻ, യൂത്ത് ഇന്ത്യ പ്രസിഡന്റ് സിറാജ് പള്ളിക്കര, കെ.ഐ.ജി ഓർഗനൈസർമാരായ ജമാൽ ഇരിങ്ങൽ, ബദ്റുദ്ദീൻ, മുസ്ത്വഫ എന്നിവർ വരി സ്വീകരിച്ചു.

തുടർന്ന് 'മാധ്യമ നൈതികത അകവും പുറവും' എന്ന വിഷയത്തിൽ കെ.ഇ.എന്നിന്റെ പ്രഭാഷണമായിരുന്നു. കുവൈത്ത് കെ.ഐ.ജി വൈസ് പ്രസിഡന്റ് വി.പി ഷൗക്കത്തലി '*പ്രബോധനം* സാധിച്ച വിപ്ലവം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഇസ്ലാമിന്റെ മൗലികവും കാലികവുമായ വായനയാണ് *പ്രബോധനം* വാരികയെ വ്യതിരിക്തമാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സമഗ്രമായ ഒരു ജീവിത പദ്ധതി എന്ന നിലയിൽ ദൈവികദർശനത്തെ സമൂഹത്തിലെ നാനാ ജാതി മതസ്ഥരായ വായനക്കാർക്ക് മുമ്പിൽ അവതരിപ്പിക്കാൻ *പ്രബോധന*ത്തിന് കഴിഞ്ഞു. മാന്യമായ സംവേദന രീതിയും മൂല്യങ്ങളോടുള്ള പ്രതിബദ്ധതയുമാണ് *പ്രബോധന*ത്തിന് വായനക്കാർക്കിടയിൽ വർധിച്ച സ്വീകാര്യത നൽകിയത്.

ഭാഷാ ശുദ്ധിയോടെയും വിശ്വാസ്യതയോടെയും പ്രതിപക്ഷ ബഹുമാനത്തോടെയും ആശയങ്ങൾ ആവിഷ്കരിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഒരു പ്രസിദ്ധീകരണം എന്ന നിലയിൽ അറുപത് വർഷക്കാലം വിജയകരമായി പിന്നിടാൻ *പ്രബോധന*ത്തിന് കഴിഞ്ഞത്. വൈജ്ഞാനിക മൂല്യമുള്ള ഒരു വായനാശീലം വളർത്തിയെടുത്തു എന്നതാണ് *പ്രബോധന*ത്തിന്റെ മറ്റൊരു മഹത്തായ നേട്ടം. എല്ലാ മത വിഭാഗക്കാരായ മലയാളികളും ഇതിന്റെ വായനക്കാരാണെന്നത് പോലെ എല്ലാ വിഭാഗങ്ങൾക്കും പേജ് അനുവദിക്കാനും *പ്രബോധനം* ശ്രദ്ധിക്കാറുണ്ട്. ഇന്ന് ഇസ്ലാമിക ലോകത്ത് എഴുത്തിന്റെയും പ്രഭാഷണത്തിന്റെയും മേഖലയിൽ നിറഞ്ഞുനിൽക്കുന്ന പലരും *പ്രബോധന*ത്തിന്റെ സന്തതികളാണെന്നും അദ്ദേഹം കൂട്ടിചേർത്തു. ദാറുൽ ഈമാൻ ഉർദു വിഭാഗം വൈസ്. ചെയർമാൻ ആമിർ ബേഗ് ചടങ്ങിൽ ആശംസ നേർന്നു. കെ.ഐ.ജി പ്രസിഡന്റ് സഈദ് റമദാൻ നദ്വി പരിപാടിയിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഹബീബുർറഹ്മാൻ കിഴിശ്ശേരി സ്വാഗതം പറഞ്ഞു. അസ്ലം മജീദ് ഖുർആനിൽ നിന്ന് അവതരിപ്പിച്ചു. കാമ്പയിൻ കൺവീനർ ഷൗക്കത്തലി നന്ദി പറഞ്ഞു. ഖലീൽ പരിപാടി നിയന്ത്രിച്ചു.

## മാധ്യമ നൈതികത വെല്ലുവിളിക്കപ്പെടുന്നു- കെ.ഇ.എൻ

**മനാമ:** പുതിയ ലോകക്രമത്തിൽ മാധ്യമ നൈതികത വെല്ലുവിളിക്കപ്പെടുകയാണെന്ന് പ്രശസ്ത സാമൂഹിക വിമർശകനും എഴുത്തുകാരനുമായ കെ.ഇ.എൻ പറഞ്ഞു. *പ്രബോധനം* ഇന്റർനാഷണൽ പ്രചാരണ കാമ്പയിനോടനുബന്ധിച്ച് കെ.ഐ.ജി ബഹ്റൈൻ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. യാഥാർഥ്യങ്ങൾക്കും മനുഷ്യജീവിതത്തിനുമിടയിൽ അധികാരം തൂക്കിയിട്ട തിരശ്ശീല പോലെയാണ് ചില മാധ്യമങ്ങൾ ഇന്ന് പ്രവർത്തിക്കുന്നത്. സത്യങ്ങളെ ഭാഗികമായി മാത്രം അവതരിപ്പിക്കുമ്പോൾ വാർത്തകളിലൂടെ ജീവിതങ്ങൾ തന്നെ അട്ടിമറിക്കപ്പെടുന്നു. മഅ്ദനിക്കേസിലെ സാക്ഷികളുമായി അഭിമുഖം നടത്തിയ *തെഹൽക* റിപ്പോർട്ടർ കെ.കെ ഷാഹിന നേരിട്ട ദുരനുഭവം ഒട്ടുമിക്ക മാധ്യമങ്ങളും മാന്യതയോടും സൂക്ഷ്മതയോടും കൂടി പ്രസിദ്ധീകരിച്ചില്ല. സംഭവത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് ചില പത്രപ്രവർത്തകർ ചേർന്ന് സംയുക്ത പ്രസ്താവന പുറത്തിറക്കിയെങ്കിലും അവർ പ്രതിനിധീകരിക്കുന്ന വാർത്താമാധ്യമങ്ങളിൽ വിഷയത്തിന്റെ പ്രാധാന്യം തമസ്കരിക്കപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു.

വാർത്തകൾ പരസ്യങ്ങളും പരസ്യങ്ങൾ വാർത്തകളുമായി മാറുകയും മുഖ പ്രസംഗങ്ങൾക്ക് പോലും വിപണി മൂല്യം നിശ്ചയിക്കപ്പെടുകയും ചെയ്യുന്നു. ഒന്നാം ലോക യുദ്ധ കാലത്ത് യുദ്ധവിരുദ്ധരായ ജനതയെ രണോത്സുകരാക്കി മാറ്റാൻ ഒരു പ്രചാരണ കമീഷനെ തന്നെ സാമ്രാജ്യത്വം നിശ്ചയിച്ചിരുന്നു. പ്രതിലോമശക്തികളുടെ പ്രചാരണ ദൗത്യങ്ങൾ കൂടുതൽ സമർഥമായ രീതിയിൽ ഇന്ന് മാധ്യമങ്ങളിലൂടെ നടപ്പാക്കപ്പെടുന്ന ഭീകരത ആരാണ് ഉൽപാദിപ്പിക്കുന്നതെന്നും എന്താണ് അതിന്റെ ഉള്ളടക്കമെന്നും ആരുടെ സമ്പദ്വ്യവസ്ഥയെയാണ് അത് പരിപോഷിപ്പിക്കുന്നതെന്നും സംബന്ധിച്ച് പല മാധ്യമങ്ങളും മൗനം പാലിക്കുന്നു. ആക്രമണപരതയെ ആഘോഷിക്കുന്ന സാമ്രാജ്യത്വതാൽപര്യങ്ങൾ ചർച്ച പോലുമാകുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

# എൻഡോസൾഫാൻ ഐക്യദാർഢ്യ സമ്മേളനം

**അൽകോബാർ:** കാസർകോടും സമീപ പ്രദേശങ്ങളിലുമുള്ള എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കെ.ഐ.ജി കോബാർ മേഖല ഐക്യദാർഢ്യ സമ്മേളനം സംഘടിപ്പിച്ചു. അന്തരിച്ച മുൻ മുഖ്യമന്ത്രിയും കോൺഗ്രസ്സിന്റെ സമുന്നത നേതാവുമയാ കെ. കരുണാകരന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി ആരംഭിച്ച സമ്മേളനം കെ.ഐ.ജി കോബാർ മേഖല രക്ഷാധികാരി എൻ. ഉമർ ഫാറൂഖ് ഉദ്ഘാടനം ചെയ്തു.

നിരവധി കുടുംബങ്ങളെയും ഒരു പ്രദേശത്തെയാകെയും തീരാ ദുരിതത്തിലാക്കിയ എൻഡോസൾഫാന് അനുകൂലമായി അന്താരാഷ്ട്ര വേദിയിൽ ഇന്ത്യ വാദിച്ചത് രാജ്യനിവാസികളോട് കാണിച്ച ക്രൂരതയാണെന്ന് അദ്ദേഹം പറഞ്ഞു. എൻഡോസൾഫാനെതിരെ പോരാടുന്ന സോളിഡാരിറ്റി പോലുള്ള യുവജന സംഘടനകളുടെ അന്താരാഷ്ട്ര ബന്ധം അന്വേഷിക്കുന്ന അധികാരി വർഗങ്ങളുടെ അവിഹിത ബന്ധങ്ങൾ ആരുമായാണെന്ന് ജനങ്ങൾക്ക് മനസ്സിലാകുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജീവിക്കാനും ജീവൻ നിലനിർത്താനും വേണ്ടിയുള്ള കാസർകോട്ടെ എൻഡോസൾഫാൻ ഇരകളുടെ പോരാട്ടത്തെ പിന്തുണക്കുന്നുവെന്ന് സമ്മേളന പ്രമേയം അവതരിപ്പിച്ച് മുജീബുർറഹ്മാൻ പറഞ്ഞു. ആവാസ വ്യവസ്ഥയെ തന്നെ തകിടം മറിക്കുന്ന കീടനാശിനി പ്രയോഗവും ഉൽപാദനവും എത്രയും വേഗം കേന്ദ്ര സർക്കാർ തടയണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

ആശയപരമായി വിയോജിപ്പുണ്ടെങ്കിലും എൻഡോസൾഫാനെതിരെയുള്ള പോരാട്ടത്തിൽ സോളിഡാരിറ്റിയുമായി കൈകോർക്കാൻ തങ്ങൾ നിർബന്ധിതരാണെന്ന് ഇടതുപക്ഷ അനുകൂല പോഷക സംഘടനയായ 'നവയുഗം' പ്രതിനിധി റിയാസ് ഇസ്മാഈൽ പറഞ്ഞു. താൻ പ്രതിനിധാനം ചെയ്യുന്ന സംഘടനയടക്കമുള്ള യുവജന വിഭാഗങ്ങൾക്ക് ചെയ്യാൻ കഴിയാത്ത പ്രവർത്തനമാണ് സോളിഡാരിറ്റി കാഴ്ചവെച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'ഓസ്ട്രേലിയ 60' എന്ന ഡോക്യുമെന്ററി അവലോകനം ചെയ്താണ് ഓസ്ട്രേലിയ എൻഡോസൾഫാൻ നിരോധിച്ചത്. ആ ഹ്രസ്വ ഡോക്യുമെന്ററിയിൽ പകുതിയിലധികവും കാസർകോട്ടെ എൻഡോസൾഫാൻ ഇരകളുടെ ചിത്രങ്ങളായിരുന്നു. എന്നാൽ ദുരന്തം കൺമുന്നിൽ കണ്ടിട്ടും നമ്മുടെ രാഷ്ട്രീയ നേതാക്കൾ വിവിധ പഠന കമീഷനുകളെ വിട്ട് പ്രഹസനം തുടരുകയാണെന്ന് സാഹിത്യകാരൻ കെ.വി ഉണ്ണികൃഷ്ണൻ പറഞ്ഞു.



കെ.ഐ.ജി അൽകോബാർ സോൺ സംഘടിപ്പിച്ച എൻഡോസൾഫാൻ ഐക്യദാർഢ്യ സമ്മേളനം കോബാർ സോണൽ പ്രസിഡന്റ് എൻ. ഉമർ ഫാറൂഖ് ഉദ്ഘാടനം ചെയ്യുന്നു

കുത്തക കമ്പനികളുടെ ലാഭം മാത്രം ലക്ഷ്യം വെച്ചുള്ള മനുഷ്യത്വ രഹിത അജണ്ടകളെ തിരിച്ചറിയണമെന്ന് തുടർന്ന് സംസാരിച്ച എൻ.യു ഹാഷിം അഭിപ്രായപ്പെട്ടു. ജോൺ തോമസ്, ജോസഫ് തെരുവൻ എന്നിവരുടെ സന്ദേശം വായിച്ചു. അബ്ദുൽ റഷീദ് അധ്യക്ഷനായിരുന്നു. 'ഇന്ത്യ എൻഡോസൾഫാൻ നിരോധിക്കുക, ഇരകളെ പുനരധിവസിപ്പിക്കുക' എന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കാൻ അൽകോബാർ മേഖലയിൽ നിന്നും സ്വരൂപിച്ച ഒപ്പുകൾ മുജീബുർറഹ്മാൻ കോഴിക്കോട് കേന്ദ്ര കമ്മിറ്റി പ്രതിനിധികൾക്ക് കൈമാറി. കൊളാഷ്, ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരുന്നു. സി.എച്ച് മുഹമ്മദ് നജീബ് കാസർകോട് സ്വാഗതവും റിയാസ് കൊച്ചി നന്ദിയും പറഞ്ഞു. അലിയാർ ഖിറാഅത്ത് നടത്തി.

**യാമ്പു:** 'ഇന്ത്യയിൽ എൻഡോസൾഫാൻ നിരോധിക്കുക, ഇരകളെ പുനരധിവസിപ്പിക്കുക' എന്ന തലക്കെട്ടിൽ സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ് നടത്തിവരുന്ന സമര പരിപാടികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഡിസംബർ ഒന്നു മുതൽ അഖില സുഊദി തലത്തിൽ തനിമ സാംസ്കാരിക വേദി നടത്തുന്ന കാമ്പയിന്റെ ഭാഗമായി തനിമ യാമ്പു ഘടകം സാമൂഹിക സാംസ്കാരിക നേതാക്കളുടെ ഐക്യദാർഢ്യ സംഗമം നടത്തി. യാമ്പുവിലെ കേരളീയ സമൂഹത്തിന്റെ ചാലകശക്തികളായ വിവിധ സംഘടനാ നേതാക്കളുടെ ഒത്തുചേരൽ വേറിട്ട അനുഭവമായി. എൻഡോസൾഫാൻ എന്ന മാരക വിപത്തിനെതിരെ കൂട്ടായ പ്രതിഷേധങ്ങൾ അനിവാര്യമാണെന്ന് ചർച്ചയിൽ അഭിപ്രായം ഉയർന്നു. ഇത് പൂർണമായും നിരോധിച്ച് മണ്ണിനും മനുഷ്യനും വിപത്തുകൾ വരുത്താത്ത ബദൽ മാർഗങ്ങൾ കാണണം. നഷ്ടമാകുന്ന പണത്തേക്കാൾ വിലപ്പെട്ടതാണ് മനുഷ്യജീവിതങ്ങളെന്ന് തിരിച്ചറിഞ്ഞ് അധികാരികൾ ഉണരണമെന്നും ഇരകളായ മനുഷ്യരെ സമഗ്രമായ പുനരധിവാസ പദ്ധതികളിലൂടെ സഹായിക്കാൻ തയാറാവണമെന്നും അഭിപ്രായം ഉയർന്നു. പൊതു വിഷയങ്ങളിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി പൊതുവേദികൾ രൂപപ്പെടണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

അഹ്മദ് കോയ (ഒ.ഐ.സി.സി), മുസ്തഫ അങ്ങാടിപ്പുറം, നിഷാദ് (കെ.എം.സി.സി), മുസ്തഫ (രിസാല സ്റ്റഡി സർക്ക്ൾ), അബ്ദുർറസാഖ് വണ്ടൂർ (നവോദയ), രാഹുൽ (യാമ്പു വിചാരവേദി), മുഹമ്മദ് റശീദ് മാസ്റ്റർ (റദ്വ ഇന്റർനാഷ്നൽ സ്കൂൾ), സന്തോഷ് കുമാർ, അഡ്വ. ജോസഫ് (അൽമനാർ ഇന്റർനാഷ്നൽ സ്കൂൾ), സി.കെ അബ്ദുർറഹ്മാൻ (കെ.ആർ.ഡബ്ല്യു), നസിറുദ്ദീൻ ഓമണ്ണിൽ (യാമ്പു ഡയലോഗ് ടീം), സാബു വെള്ളാരപ്പിള്ളി (തനിമ) എന്നിവർ സംസാരിച്ചു. കാമ്പയിൻ കൺവീനർ മുസ്തഫ ശ്രീകണ്ഠപുരം ചർച്ച നിയന്ത്രിച്ചു. സിയാഉൽ ഹഖ് സ്വാഗതം പറഞ്ഞു.